പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3321 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എൻ. ഷംസീർ | എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുന്നതിന് 2016 നവംബറിന് ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി നിരവധി നടപടികൾ സ്വീകരിച്ച് വരുന്നു. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്. ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പതിനായിരം രൂപക്ക് താഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരുക്കുവാനും തുടർനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചത് പ്രകാരം ടി സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് മേഖലാ അധികാരികൾക്കും യൂണിറ്റധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരണം നടന്നു വരുന്നതിനാലും ലാഭകരമല്ലാത്ത സർവ്വീസുകൾ |

| | | | |
|---|---|---|---|
| | | | നിർത്തലാക്കിയിട്ടില്ലാത്തതിനാലും ടി പ്രവർത്തനങ്ങൾ മൂലം കെ.എസ്.ആർ.ടി.സി.ക്ക് ലാഭം ഉണ്ടായിട്ടുണ്ടോ എന്നുള്ള വിവരം കണക്കാക്കിയിട്ടില്ല. കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG) ലേക്ക് മാറുന്നതി നുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓഫ്-റോഡ് നിരക്ക് കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പകൽ സമയങ്ങളിൽ പരമാവധി വാഹനങ്ങൾ സർവീസിന് ലഭ്യമാക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ ഡിപ്പോകളിലും രാത്രികാല മെയിന്റനൻസ് ആരംഭിച്ചു കഴിഞ്ഞുയ ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉയർന്ന കെ.എം.പി.എൽ കൈവരിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി പ്രതിദിന ഇൻസെന്റീവായി 100/- രൂപ നല്കി വരുന്നു. കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റ് വരുമാനത്തിനു പുറമെ, ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി ബസ്സുകളിലും ബസ്സ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികളിലൂടെ കോർപ്പറേഷന്റെ മൊത്തം വരുമാനത്തിൽ എത്രശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; | (ബി) | കെ.എസ്.ആർ.ടി.സി ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികളിലൂടെ മാത്രം കോർപ്പറേഷന്റെ മൊത്തം വരുമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ശതമാനം കണക്കാക്കുക പ്രായോഗികമല്ല. |
| (സി) | കോർപറേഷൻ ലാഭത്തിലാക്കുന്നതിന് കെ.എസ്.ആർ.ടി.സി. നൽകുന്ന ഡീസൽ വില്പന നികുതി ഒഴിവാക്കാൻ ധനവകുപ്പിനോട് അഭ്യർത്ഥന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ